V. റിപ്പോർട്ട് സമർപ്പണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

(ചർച്ച തുടർച്ച)

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇന്നലെ ഡിസെന്റിംഗ് നോട്ടിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ ഈ ബില്ലിനെതിരെ മുടുപടം സൃഷ്ടിക്കുവാനുള്ള ശ്രമം പ്രതിപക്ഷത്തുനിന്ന് നടത്തുകയുണ്ടായി. ഈ ബിൽ കാട്ടിലെ തടി വെട്ടാനുള്ള ബില്ലല്ല. ഈ നിയമഭേദഗതി എന്നുപറയുന്നത് സ്വകാര്യ ഭൂമിയിൽ വച്ചു പിടിപ്പിച്ചിട്ടുള്ള സ്വകാര്യ വ്യക്തികളുടെ തടി വെട്ടാൻ വേണ്ടിയുള്ളതാണ്; അല്ലാതെ ഇതിന് ഫോറസ്റ്റിലെ തടി വെട്ടുമായിട്ട് യാതൊരു ബന്ധവുമില്ല. ഇവിടെ ബഹുമാനപ്പെട്ട കെ. വി. കുഞ്ഞിരാമനും മഞ്ഞളാംകുഴി അലിയും അവരുടെ ഡിസെന്റിംഗ് നോട്ടിലും അവരുടെ പ്രസംഗത്തിലും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ ബിൽ പാസ്സായാൽ കാർഡമം തോട്ടങ്ങളിൽ നിന്നുള്ള മരംവെട്ട് ഇൻഡിസ്ക്രിമിനേറ്റ് ആയിട്ട് നടക്കും എന്നു പറയുകയുണ്ടായി. അതിന് വളരെ വിനയത്തോടുകൂടി എനിക്ക് അവരെ അറിയിക്കാനുള്ളത് 1961-ലെ കാർഡമം ലീസ് റൂളിലെ എഗ്രിമെന്റ് 10 (എ) വായിച്ചാൽ മനസ്സിലാകും. കാർഡമം കൃഷിക്കുവേണ്ടി ഭൂമി വിട്ടുകൊടുക്കുമ്പോൾ ഗവൺമെന്റുമായി ഏർപ്പെടുന്ന എഗ്രിമെന്റിലെ 10 (എ) ക്ലാസ്സിൽ ഗവൺമെന്റിന് ആ വൃക്ഷങ്ങൾ റിസർവ് ചെയ്തിരിക്കുകയാണ്. കാർഡമം തോട്ടങ്ങളിൽ തടിയിൽമേലുള്ള അവകാശം കൃഷിക്കാർക്ക് ഇല്ല. ഇത് വെട്ടാനേ കഴിയില്ല. അപ്പോൾ നിലവിലുള്ള നിയമം വച്ച് കാർഡമം ഭൂമിയിലെ തടിവെട്ടാൻ ഒക്കില്ല എന്നുമാത്രമല്ല, ഈ നിയമത്തിലെ മൂലനിയമം 5-ാം വകുപ്പിൽ തന്നെ ഇപ്പോൾ നിലവിൽ ഒരു നിയമം ഉണ്ട്. The Government may with a view to preserve the tree growth in private forest or in the Cardamom Hills Reserve or in any other areas cultivated with Cardamom by notification in the Gazette direct that no trees standing in any such areas specified in the notification shall be cut. അപ്പോൾ ഏലത്തോട്ടങ്ങളിലെ തടിവെട്ടുന്നതിനെ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് നിലവിൽ രണ്ട് നിയമങ്ങൾ ഉണ്ട്. അതുകൊണ്ട് ഇത് പാസ്സായാൽ ഏലത്തോട്ടങ്ങളിലെ തടിവെട്ടും എന്നുപറയുന്നതിനർത്ഥമില്ല. അതിന് നിലവിൽ വേറെ നിയമം ഉണ്ട്. ഡിസെന്റിംഗ് നോട്ടിൽ രണ്ടാമത്തേതായിട്ട് പറഞ്ഞിരിക്കുന്നത് ഈ പത്തിനങ്ങൾ ഒഴിച്ചുള്ള മരങ്ങൾ മാത്രമേ ഒരു ഹെക്ടറിൽ താഴെയുള്ള വീട്ടുവളപ്പിൽ നിന്നും മുറിക്കാവൂ എന്നാണ്. ഇത് ഈ ബില്ലിന്റെ പേരന്റ് ആക്ടിന് വിരുദ്ധമാണ്. പേരന്റ് ആക്ട് വായിച്ചുനോക്കിയാൽ അതിൽ പറഞ്ഞിരിക്കുന്നത് ഒരു ഹെക്ടറിൽ താഴെയുള്ള വീട്ടുവളപ്പിൽ നിൽക്കുന്ന ഏതു മരവും വെട്ടാം; ചന്ദനമരം വരെ വെട്ടാം; ഈ പത്തിനം മരവും വെട്ടാം.

LIBRARY ARCHIVES Kerala Legislative Assembly